**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2566** **24-06-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ വ്യവസായ നയങ്ങളുടെ ഭാഗമായി കുറ്റ്യാടി മണ്ഡലത്തിൽ ഉണ്ടായ പുരോഗതി എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ നടപ്പിലാക്കിയ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കുറ്റ്യാടി മണ്ഡലത്തിൽ ഉൾപ്പെടുന്ന എല്ലാ പഞ്ചായത്തുകളിലും വ്യവസായികൾക്ക് കൈത്താങ്ങ് സഹായത്തിനായി എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് എക്സിക്യൂട്ടീവുമാരെ (EDE) നിയമിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ സംരംഭകത്വ ഹെല്പ് ഡെസ്കുകൾ ആരംഭിക്കുകയും അവയിൽ സാങ്കേതിക യോഗ്യതയുള്ള എന്റർപ്രൈസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുമാരെ നിയമിച്ച് ഓൺ ലൈൻ സേവനങ്ങളും സാങ്കേതിക സഹായങ്ങളും സൗജന്യമായി സംരംഭകർക്ക് നൽകിയും വരുന്നു. കൂടാതെ എല്ലാ പഞ്ചായത്തുകളിലും പൊതു ബോധവൽക്കരണ പരിശീലന പരിപാടികളും നിക്ഷേപ സംഗമങ്ങളും വായ്പ-ലൈസൻസ് മേളകളും നടത്തി വരുന്നുണ്ട്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കുറ്റ്യാടി മണ്ഡലത്തിൽ 1876 സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുകയും 3885 തൊഴിലവസരങ്ങളും 103.75 കോടിയുടെ നിക്ഷേപവും ഉണ്ടായിട്ടുണ്ട്.<br><br>ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ കുറ്റ്യാടി മണ്ഡലത്തിൽ "സംരംഭക സഹായ പദ്ധതി" പ്രകാരം 16.52ലക്ഷം രൂപയും, "മാർജ്ജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്" പദ്ധതി പ്രകാരം 31.25ലക്ഷം രൂപയും പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP) പ്രകാരം 65.32 ലക്ഷം രൂപയും"ഒരു കുടുംബം ഒരു സംരംഭം പദ്ധതി" പ്രകാരം 2.07ലക്ഷം രൂപയും സബ്സിഡിയായി ചെലവഴിച്ചിട്ടുണ്ട്.<br><br>കൂടാതെ കുറ്റ്യാടി വില്ലേജിൽ പ്രൈവറ്റ് ഇൻഡസ്ട്രിയിൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുകയും സ്ഥലം അനുയോജ്യമാണോയെന്ന പരിശോധനയ്ക്കായി കമ്മിറ്റിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കെ.എസ്.ഐ.ഡി.സി ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനായി കുറ്റിയാടിയിൽ 115.13 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. പാർക്കിന്റെ അടിസ്ഥാന സൗകര്യത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് സംരംഭങ്ങൾക്ക് ഭൂമി അനുവദിക്കാൻ സാധിക്കുന്നതാണ്. |
| (ബി) | 2021 ജൂൺ മാസം മുതൽ ഇതുവരെയായി എത്ര പുതിയ സംരംഭങ്ങൾ കുറ്റ്യാടി മണ്ഡലത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി എത്ര തൊഴിലവസരങ്ങൾ ഉണ്ടായി എന്നും അറിയിക്കാമോ; | (ബി) | 2021 ജൂൺ മാസം മുതൽ ഇതുവരെയായി 2006 സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുകയും 4300 തൊഴിലവസരങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. |
| (സി) | സംരംഭകരെ സഹായിക്കാനായി മണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിൽ വ്യവസായ വകുപ്പിന്റെ | (സി) | സംരംഭകരെ സഹായിക്കാനായി മണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിൽ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ (പഞ്ചായത്ത്തലത്തിൽ) എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുമാരെ (EDE) നിയമിച്ചിട്ടുണ്ട്. അവരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

നേതൃത്വത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെ എന്ന് ബന്ധപ്പെടേണ്ട മേൽവിലാസം / ഫോൺ നമ്പർ സഹിതം അറിയിക്കാമോ?

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ്എക്സിക്യൂട്ടീവിന്റെ (EDE) പേര് | ഫോൺ നമ്പർ |
|---|---|---|---|
| 1. | കുന്നുമ്മൽ | മോനി രാജൻ | 9745216961 |
| 2. | കുറ്റ്യാടി | അനശ്വര. എ.ജെ | 8129921160 |
| 3. | പുറമേരി | മോഹിത. പി | 7907219046 |
| 4. | വേളം | വൈശാഖ്. ബി. പ്രദീപ് | 9496963676 |
| 5. | ആയഞ്ചേരി | നിലവിൽ ഒഴിഞ്ഞു കിടക്കുന്നു. | |
| 6. | വില്യാപള്ളി | ജിൽക സലാം | 9400229234 |
| 7. | മണിയൂർ | ആതിര | 9446693767 |
| 8. | തിരുവള്ളൂർ | ആഷ്ന. സി | 8075754702 |

സെക്ഷൻ ഓഫീസർ